സഹകരണ സംഘങ്ങളുടെ ഓഡിറ്റിംഗിൽ മാറ്റം

71 (7907) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 97-ാം ഭരണഘടനാ ഭേദഗതി നിയമപ്രകാരം സഹകരണ സംഘങ്ങളുടെ ഓഡിറ്റിൽ എന്ത് മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതു പ്രകാരം സംസ്ഥാനത്ത് സഹകരണ ഓഡിറ്റ് സംവിധാനത്തിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) സഹകരണ മേഖലയിലെ അപ്പെക്സ് സ്ഥാപനങ്ങളിൽ ഓഡിറ്റ് കടിശ്ശികയുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സഹകരണ സംഘങ്ങളുടെ ആഡിറ്റ് എല്ലാ സാമ്പത്തിക വർഷവും നടത്തുന്നതിനും സഹകരണ സംഘങ്ങളുടെ ആഡിറ്റ് നടത്തുന്ന ആഡിറ്റർമാരുടെയും ആഡിറ്റ് ഫേംസിന്റെയും യോഗ്യതയും പ്രവർത്തി പരിചയവും സംബന്ധിച്ചും സംസ്ഥാനങ്ങളിൽ നിയമനിർമ്മാണം നടത്തണമെന്നും എല്ലാ സഹകരണ സംഘങ്ങളുടെയും ആഡിറ്റ് പൊതുയോഗം നിയമിക്കുന്ന ആഡിറ്ററോ ആഡിറ്റ് ഫേംസോ നടത്തണമെന്നും സംസ്ഥാന സർക്കാരോ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തുന്ന അതോറിറ്റിയോ തയ്യാറാക്കി നൽകുന്ന ആഡിറ്റർമാരുടെയും ആഡിറ്റ് ഫേംസിന്റെയോ പാനലിൽനിന്ന് ആഡിറ്റർമാരെ നിയമിക്കണമെന്നും സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനുള്ളിൽ ആഡിറ്റ് പൂർത്തീകരിക്കണമെന്നും അപ്പെക്സ് സ്ഥാപനങ്ങളുടെ ആഡിറ്റ് റിപ്പോർട്ടും അക്കൗണ്ടുകളും സംസ്ഥാന നിയമസഭയിൽ വയ്ക്കണമെന്നും 97-ാം ഭരണഘടനാ ഭേദഗതി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 97-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. അപ്പെക്സ് സ്ഥാപനങ്ങളിൽ ചാർട്ടേർഡ് അക്കൗണ്ടന്റുമാർ ഫിനാൻഷ്യൽ ആഡിറ്റ് നടത്തുകയും സഹകരണ വകുപ്പിലെ ആഡിറ്റർ അഡ്മിനിസ്ട്രേറ്റീവ് ആഡിറ്റ് നടത്തുകയും ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മറ്റ് സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിന് ആഡിറ്റർമാരുടെ പാനൽ സഹകരണ ആഡിറ്റ് ഡയറക്ടർ തയ്യാറാക്കി നൽകുകയും സംഘം

LIBRARY ARCHIVES Kerala Legislative Assembly.

പൊതുയോഗം ടി പാനലിൽ നിന്ന് ആഡിറ്റർമാരെ തെരഞ്ഞെടു ക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമ ഭേദഗതിക്കനുസരണമായി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) കൺസ്യൂമർഫെഡിന്റെ 2012-13 വർഷത്തെ ആഡിറ്റും കാപ്പക്സിന്റെ 1997-98 വർഷം മുതലുള്ള 15 വർഷത്തെ ആഡിറ്റും കുടിശ്ശികയാണ്. മറ്റൊരു അപ്പെക്സ് സഹകരണ സ്ഥാപനത്തിലും ആഡിറ്റ് കുടിശ്ശികയില്ല. എന്നാൽ 2012-13 വർഷത്തെ ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ ഫിനാൻഷ്യൽ ആഡിറ്റ് കുടിശ്ശികയാണ്. ചാർട്ടേർഡ് അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംയോജിത ഗ്രാമ വികസന പദ്ധതിയുടെ രണ്ടാം ഘട്ടം

72 (7908) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത സഹകരണ വികസന പദ്ധതിയുടെ രണ്ടാംഘട്ടത്തിനായി എന്തെല്ലാം ധനസഹായമാണ് എൻ.സി.ഡി.സി.-യിൽ നിന്നും ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് കെട്ടിടം, ഗോഡൗൺ, ഫർണീച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്ട്രോംഗ് റൂം തുടങ്ങിയവ) മെച്ചപ്പെടുത്തുന്നതിനും കാർഷികവും അനുബന്ധ മേഖലകളിലുമുള്ള ഉൽപ്പാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനത്തിനും നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തുന്നതിനും സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാവന വിഭവശേഷി വികസനത്തിനുള്ള പരിശീലനം നൽകുന്നതിനും കൂടാതെ വിനോദസഞ്ചാരം, ആരോഗ്യ സംരക്ഷണം, പരമ്പരാഗത ഊർജ്ജ ഉൽപ്പാദനവും വിതരണവും, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം എന്നിവ നടപ്പിലാക്കുന്നതിന് എൻ.സി.ഡി.സി.യിൽ നിന്നും ധനസഹായം ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly